# മോടയിൽ കുടുംബയോഗം

MODAYIL KUDUMBA YOGAM
MALLAPPALLY

## വാർത്താപത്രിക

## 2015 - ഡിസംബർ - 2016 മാർച്ച്

*(For private circulation only)*

# Modayil Kudumbayogam
## Executive Committee Members

| | |
|---|---|
| Adv. M. Philip Koshy (President) | 9447387362 |
| Sunil Oommen Mathew (Vice President) | 9895395156 |
| P. George Modayil (Secretary) | 9544618439 |
| George Mathew M. (Joint Secretary) | 9961352601 |
| Abraham Varghese (Treasurer) | 9497324565 |
| Thomas M. Oommen | 9447071570 |
| K. A. Philip | 9747719606 |
| M. M. Mani | 9388870555 |
| Abraham Mathew | 9980477291 |
| G. George | 9400689420 |
| Salim Gee Modayil | 9447456748 |
| Idicula Kurien (Raju) | 9447230978 |
| M. K. Kurien (Sunny) | 8289886605 |
| M. P. Kurien | 9747718838 |
| George Ipe | 9447330912 |
| George Mathew | 9495765282 |
| George M. Cherian | 9447504932 |
| John Mathew | 9446570312 |
| Korah Mathew | 9847992592 |
| Sunny Cherian Philip | 9447126648 |
| Mathew Kurien (Jerry) | 9447614214 |

പ്രിയപ്പെട്ട കുടുംബാംഗങ്ങളെ,

മോടയിൽ കുടുംബയോഗത്തിന്റെ 45-ാം വാർഷിക സമ്മേളനം കഴിഞ്ഞ ഡിസംബർ മാസം 26-ാം തീയതി വിജയകരമായി നടത്തിയതിന്റെ ചാരിതാർത്ഥ്യത്തിലാണ് കുടുംബയോഗ ഭാരവാഹികൾ. ചടങ്ങ് ഭംഗിയായി നടന്നുവെങ്കിലും പങ്കെടുത്തവരുടെ എണ്ണം നിരാശാ ജനകമായിരുന്നു. ഏകദേശം 700 അംഗങ്ങളുള്ള നമ്മുടെ കുടുംബത്തിൽനിന്ന് 125 പേർ മാത്ര മാണ് സന്നിഹിതരായിരുന്നത്. കൂടുതൽ ആളുകൾ മുൻകൂട്ടി പരിപാടിയിട്ട് വരുവാൻവേണ്ടിയാണ് എല്ലാ കൊല്ലവും ഒരേ ദിനത്തിൽ (ഡിസംബർ 26) വാർഷികസമ്മേളനം നിശ്ചയിച്ചിരിക്കുന്നത്. പക്ഷെ ഇത് വിപരീതഫലം ഉളവാക്കുന്നതായിട്ടാണ് കാണുന്നത്. ഇതേ ദിവസം തന്നെ മറ്റു പരിപാടി കളിട്ടിട്ട്, കുടുംബസമ്മേളനത്തിൽനിന്നും പലരും ഒഴിഞ്ഞുമാറുന്നതായിട്ടാണ് കണ്ടുവരുന്നത്. വേറെ ഒരു പരിപാടിയും ഇല്ലാത്തവർ മാത്രമേ കുടുംബ സമ്മേളനത്തിൽ പങ്കെടുക്കാറുള്ളു. നമ്മുടെ പൂർവ്വീകർക്ക് ആദരാഞ്ജലീ കൾ അർപ്പിക്കുവാനും ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കുവാനും ഉദ്ദേശിച്ചുള്ള ഈ ചടങ്ങിനു വേണം മറ്റു പരിപാടികളേക്കാൾ മുൻഗണന നൽകേണ്ടത്. ഒരു പക്ഷെ, നമ്മുടെ പരിപാടികളുടെ ആവർത്തന വിരസതയാവാം, കുടും ബാംഗങ്ങളെ സമ്മേളനത്തിൽനിന്ന് അകറ്റിനിറുത്തുന്നത്. അടുത്ത സമ്മേ ളനത്തിന് ചടങ്ങുകൾ കൂടുതൽ ആകർഷകമാക്കുവാൻ വേണ്ട പരിപാടി കൾ ആസൂത്രണം ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ കുടുംബാംഗങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കമ്മറ്റിയംഗങ്ങളെ ആരെയെങ്കിലും ഫോണിൽ വിളിച്ചറിയിക്കുകയോ, ഇ-മെയിൽ അയയ്ക്കുകയോ ചെയ്യുവാൻ അപേക്ഷിച്ചുകൊള്ളുന്നു.

വാർഷിക സമ്മേളനത്തിനോടനുബന്ധിച്ച് നടന്ന പൊതുയോഗത്തിൽ രണ്ട് പ്രധാന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

1. **കുടുംബയോഗത്തിന് ഒരു സ്ഥിരനിക്ഷേപം സമാഹരിക്കുക.** ഈ നിക്ഷേപത്തിന്റെ പലിശ കുടുംബയോഗത്തിന്റെ ദൈനംദിന ആവശ്യ ങ്ങൾക്കായി ഉപയോഗിക്കാം. ഇതിനുവേണ്ടി 5000 രൂപയോ അതിൽ കൂടതലോ തുകകൾ സ്വീകരിക്കുന്നതായിരിക്കും.

2. **ദൂരസ്ഥലങ്ങളിൽ കുടുംബയോഗത്തിന്റെ ചാപ്റ്ററുകൾ തുടങ്ങുക.** അതുമൂലം അവിടെയുള്ള കുടുംബാംഗങ്ങളെ ഏകോപിപ്പിക്കുവാനും, മാതൃസംഘടനയെ ശക്തിപ്പെടുത്തുവാനും സാധിക്കും. അമേരിക്കയിൽ ഒരു ചാപ്റ്റർ തുടങ്ങുവാൻ വേണ്ട പ്രാരംഭ നടപടികൾ സ്വീകരിക്കുവാൻ താൻ സന്നദ്ധനാണെന്ന് യോഗത്തിൽ സന്നിഹിതനായിരുന്ന റവ. മാത്യു ഫിലിപ്പ്സ് മോടയിൽ (ഷാജിയച്ചൻ) അറിയിച്ചു. അദ്ദേഹത്തെ അതിന് ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഒരു കത്ത് തയ്യാറാക്കി, അദ്ദേഹം അമേരിക്കയിലേക്ക് മടങ്ങും മുമ്പ് ഏൽപ്പിച്ചിട്ടുണ്ട്. അമേരിക്കയിലോ കാനഡയിലോ ഉള്ള മോടയിൽ കുടുംബാംഗങ്ങളെ അവരുടെ ബന്ധുക്കൾ ഈ വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു. ഫിലാഡൽഫിയായിലുള്ള റവ. ഫിലിപ്പ്സ് മോടയിൽ അച്ചനെ +01 2675650335 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

www.modayilkudumbayogam.com എന്ന നമ്മുടെ വെബ്സൈറ്റ് അടുത്തകാലത്ത് ചില പുതിയ സൗകര്യങ്ങളുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്ക്കരിച്ചിട്ടുണ്ട്. വെബ്സൈറ്റിലെ "Contact us" എന്ന പേജ് ഇപ്പോൾ സജീവമാണ്. അതിൽ നിങ്ങളുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തി ഇ-മെയിൽ ID സഹിതം അയച്ചാൽ, വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. കുടുംബയോഗത്തിന്റെ ഇപ്പോൾ നിലവിലുള്ള Modayil13@gmail.com എന്ന ഇ-മെയിലിന് പകരം info@modayilkudumbayogam.com എന്ന ID ഉപയോഗിക്കാവുന്നതാണ്.

എന്ന്

*പ്രസിഡന്റ്* *സെക്രട്ടറി*

## മോടയിൽ കുടുംബയോഗം സ്ഥിരനിക്ഷേപത്തിലേക്ക് സംഭാവനകൾ നൽകിയവർ:

| | | | |
|---|---|---|---|
| 1. | എം. സി. വർഗീസ് (ജോയി)<br>മോടയിൽ പടിഞ്ഞാറേക്കുറ്റ്, കറിക്കാട്ടൂർ | – | 5000.00 |
| 2. | ജോർജ് എം. ജോർജ്<br>മോടയിൽ കോയിപ്ര, കറുകച്ചാൽ | – | 5000.00 |
| 3. | പുന്നൂസ് കോശി<br>മോടയിൽ കിഴക്കേക്കൂറ്റ്, എറണാകുളം | – | 5000.00 |

## മോടയിൽ കുടുംബയോഗത്തിന്റെ
## അമേരിക്കൻ ചാപ്റ്റർ തുടങ്ങുവാൻ റവ. ഫിലിപ്സ്
## മോടയിൽ വശം കൊടുത്തയച്ച കത്തിന്റെ പൂർണ്ണരൂപം:

Letter No: MK/CI/01 Dated 13.01.2016

To

The Modayil Family Members in USA & Canada

Dear Family members,

We, the Modayil Kudumbayogam members in Kerala, wish you all a happy and prosperous new year!

As you may be aware, the 45$^{th}$ annual general body of Modayil Kudumbayogam was held on 26$^{th}$ December 2015 at Nedungadappally. One of the major decisions taken in that meeting was to form a chapter of Modayil Kudumbayogam in USA, so that our family members in U.S.A. and Canada have a common forum to meet and get to know each other better. Fortunately, Rev. Philips Modayil was on a visit from USA where he is working, and was present in the meeting. He kindly agreed to co-ordinate the initial activities required for the Chapter formation.

We have identified nearly 23 families in USA and Canada. There will be more families whom you may know. The criteria for membership will be as given below:

All male descendants, their wives and unmarried female descendants of Modayil Pothen are eligible for membership of Modayil Kudumbayogam. Married female descendants will be treated as honorary members, who are welcome to participate in the meetings, but without voting rights.

The names and other personal details of each proposed member may please be sent in the enclosed proforma to the Secretary by email. Only after approval from the parent organisation, membership in the Chapter is to be confirmed.

The membership fee, annual subscription amount, etc. may be decided by yourselves. But a minimum amount of Rs. 1000/year/family may be send as annual subscription to the parent organisation.

A copy of our family tree is enclosed for your reference. This is not yet in a complete shape; data is still being collected and added to it.

Requesting all of you to co-operate with Shajiachan in realising the formation of Modayil Kudumbayogam Chapter in USA & Canada.

Yours faithfully,

| | |
|---|---|
| **Adv. Philip Koshy,** | **P. George Modayil,** |
| *President* | *Secretary* |

Encl:
1. List of families
2. Proforma for personal details of family members
3. Family tree

# ഫോട്ടോസ് ഓഫ് ആനുവൽ മീറ്റ് 2015




1. Flag Hoisting




**2. സ്തോത്രശുശ്രൂഷ**



**3. സ്തോത്രശുശ്രൂഷ**




**4. സ്തോത്രശുശ്രൂഷ**



5. Tea Break



6. Tea Break




7. Welcome




8. Presidential Addresses



9. Annual Report



11. Song



10. Discussion



12. Lunch



14. Glib talk contest



13. Glib talk contest



15. Paper tearing contest



16. Paper tearing contest



17. Balloon bursting contest



18. Musical chain



19. Cup shifting contest



20. Prize distribution - Glib talk contest



21. Prize distribution - games



22. Prize distribution - games



23. Prize distribution - games



24. Vote of Thanks

# ആമസോൺ

By Rajiv M. Philip



*ശ്രീ. രാജീവ് എം. ഫിലിപ് പരേതനായ മോടയിൽ കിഴക്ക് മേലേത്ത്കുറ്റ് എം. സി. ഫിലിപ്പിന്റെ (ജോയി) മകനാണ്. രാജീവിനെ ഒരു ബഹുമുഖ പ്രതിഭ എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. പഠനകാലത്തുതന്നെ വിവിധ ജോലികൾ ചെയ്ത് പണം ഉണ്ടാക്കി പഠിച്ച്, ലിറ്ററേച്ചറിൽ ബിരുദവും ജേർണലിസത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമായും നേടി. സിനിമാസഹസംവിധായകനായും ഹിന്ദുവിൽ ജേർണലിസ്റ്റായും പ്രവർ ത്തിച്ചു. യൂണിവേഴ്സിറ്റി ഓഫ് വെയ്ൽ സ്ൽ നിന്ന് മാർക്കറ്റിംഗിൽ എം. ബി.എ. ബിരുദം നേടി. ഇപ്പോൾ യു. എ. ഇ. എക്സ്ചേഞ്ച് ഗ്ലോബൽ ഹെഡ്ക്വാർട്ടേഴ്സിൽ ഡയറക്ടറായി അബുദാബിയിൽ ജോലി ചെയ്യുന്നു. ഭാര്യ അനുപ അലക്സാണ്ടർ; മകൾ റിവ. ജോലി സംബന്ധമായും അല്ലാതെയും ധാരാളം യാത്ര ചെയ്യുന്ന രാജീവിന് യാത്രകൾ ഒരു ഹരമാണ്. അദ്ദേഹത്തിന്റെ ഒരു സാഹസികയാത്രയുടെ അനുഭവങ്ങൾ നമ്മളുമായി ഈ ലേഖനത്തിൽ പങ്കു വെയ്ക്കുന്നു.*

Dedicated to the greatest adventurer and free bird I've ever met, Modayil Chacko Philip, my father; for he showed me the world and urged me to tread unknown waters.

കാടും പ്രകൃതിയുമായിരുന്നു പപ്പയുടെ ദൗർബല്യം. വരയാടുകളെക്കുറിച്ച് പഠിക്കാനായി അമേരിക്കക്കാരനായ ഡോ. ക്ലിഫോർഡ് ജി. റൈസ് നോടൊപ്പം ഇരവിക്കുളം നാഷണൽ പാർക്കിലും നീലഗിരി കുന്നിലും കാട് കയറിയ കഥ കേട്ടാണ് ഞാൻ വളർന്നത്. പപ്പയുടെ പാത പിന്തുടർന്ന് 16-ാം വയസ്സ് മുതൽ ഞാനും  കാട് കയറി തുടങ്ങി.

തിരുവനന്തപുരത്തെ പൊൻമുടി ഫോറസ്റ്റ്റേഞ്ച് ആയിരുന്നു. ആദ്യ കാലത്തെ കളരി. ഒരാഴ്ചമുതൽ 10 ദിവസം വരെ നീളുന്ന യാത്രകൾ. ചിലപ്പോൾ ഒറ്റയ്ക്ക്; ചിലപ്പോൾ സുഹൃത്തുക്കളോടൊപ്പം; പിന്നെ ചില നേച്ചർ ആക്ഷൻ ഗ്രൂപ്പുകാർക്കൊപ്പവും; അരിയും പയറും അച്ചാറും ഉണക്കമീനും മാത്രമായ ഭക്ഷണവും സ്വയം നിർമിത ടെന്റ്-ഉം മറ്റു സാമഗ്രികളും ചുമന്ന് കാട്ടിലൂടെയുള്ള നടപ്പ്. ഒരുപാട് അനുഭവങ്ങൾ, അപകടങ്ങൾ, വെല്ലുവിളികൾ. പക്ഷെ ഈ കാട് കയറ്റമാണ് ഞാൻ എന്ന വ്യക്തിയെ രൂപപ്പെടുത്തിയത്.

പിൽക്കാലത്ത് ഇന്ത്യക്ക് അകത്തും പുറത്തുമായി പ്രകൃതിയേയും വന്യതെയും അടുത്തറിഞ്ഞ ഒരു പാട് യാത്രകൾ നടത്താൻ ഭാഗ്യമുണ്ടായി. നോർവേയുടെയും സ്കോട്ട്ലാന്റിന്റെയും മലനിരകളിലൂടെ മഞ്ഞും പുൽമേടുകളും താണ്ടിയുള്ള യാത്രകൾ, കരടികൾ നിറഞ്ഞ കാലിഫോർണിയയിലെയോ സേമിറ്റി നാഷണൽ പാർക്കിൽ വഴി തെറ്റി രാത്രി അകപ്പെട്ടുപോയത്, ഇന്തോനേഷ്യയിലെ മനാഡൊ ദ്വീപിൽ പുകയുന്ന അഗ്നിപർവ്വതം കയറിയത്, കടലിന്റെ അടിത്തട്ടിലേക്ക് ഡൈവ് ചെയ്തത്, ദക്ഷിണ ഇംഗ്ലണ്ടിനു കുറുകെ സൈക്കിളിൽ യാത്ര ചെയ്തത്, ഈസ്റ്റ് ആഫ്രിക്കയിലെ സാവന്ന പുൽമേടുകളിലൂടെ സായി ഗോത്രത്തോടൊപ്പം പുള്ളിപ്പുലിയുടെ പുറകെ പോയത്, സഹാറമരുഭൂമിയിലൂടെ ഒട്ടകപ്പുറത്തേറി നടത്തിയ യാത്രകൾ അങ്ങനെ ഓർമയിൽ തങ്ങിനില്ക്കുന്ന ഒരുപാട് യാത്രകൾ.

ഇതെല്ലാം ചെയ്തപ്പോഴും ഒരാഗ്രഹം ബാക്കിനിന്നു. ഏതൊരു സാഹസിക പ്രേമിയും കൊതിക്കുന്ന ആ വലിയ വെല്ലുവിളി. "Mother of all Jungle challenges... The Amazon Rain forest" എത്ര പരിചിതനായ വനചാരിയും ഒന്ന് മടിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ നിബിഢ വനം. പക്ഷെ വെറുതെ ആമസോൺ കയറാനല്ല ഞാൻ കൊതിച്ചത്. എന്റെ മനസ്സിലെ അജണ്ട മറ്റൊന്നായിരുന്നു - സർവൈവൽ ക്യാംമ്പിംഗ്. അതായത് ടെന്റ്-ഉം ഭക്ഷണവും ഒന്നും ഇല്ലാതെ കാട് കയറുക. പ്രകൃതിക്കെതിരെ ഒരു പ്രതിരോധവും ഇല്ലാതെ വെയിലും മഴയും തണുപ്പും സഹിച്ചുള്ള യാത്ര. ദിവസവും വിശപ്പ് മാറ്റാൻ വേട്ടയാടേണ്ട അവസ്ഥ. അതായിരുന്നു എന്റെ മനസ്സിൽ.

എന്നാൽ ഇത് എളുപ്പമായിരുന്നില്ല. ആമസോൺ നദിയെയും കാടിനെയും അറിയാവുന്ന ഒരു വഴികാട്ടിയെയോ സഹയാത്രികനെയോ ലഭിക്കുക എന്നതാണ് യഥാർത്ഥ വെല്ലുവിളി. മറ്റൊന്ന് അയാൾക്കും സർവൈവൽ ക്യാംമ്പിംഗിൽ താൽപര്യം ഉണ്ടാവണം. അങ്ങനെ ഒരാൾ കൂടെ ഇല്ലാതെ ആമസോണിന്റെ ഉള്ളിലേക്ക് പ്രവേശിപ്പിക്കുന്നത് ആത്മഹത്യാപരമാണ്. ഒരു പക്ഷേ മടക്കം ഉണ്ടാവില്ല. എന്ന് തീർച്ച. അതുകൊണ്ട് അങ്ങനെ ഒരാളെ കണ്ടുപിടിക്കാനുള്ള ശ്രമം ആയി പിന്നിട്. പോർച്ചുഗീസ് ഭാഷ എന്ന വെല്ലുവിളി അതിജീവിച്ചു എന്റെ അന്വേഷണം ചെന്നെത്തിയത് നാഷണൽ ജ്യോഗ്രഫിക് സംഘങ്ങൾക്ക് വഴികാട്ടിയായി പ്രവർത്തിച്ചിരുന്ന ബ്രസീലിയൻസ് സ്പെഷ്യൽ ഫോറസ്റ്റ് കമാൻഡോ ആയിരുന്ന സൂസയിലാണ്. നിർ ഭാഗ്യവശാൽ സൂസക്ക് എന്റെ പദ്ധതിക്ക് ഒപ്പം നില്ക്കാൻ കഴിഞ്ഞി ല്ലെങ്കിലും സുഹൃത്തായ ട്രെക്കിംഗ് ഇതിഹാസം പൂവേന്റിസ്ന്റെ മകൻ പൗലോ എന്ന യുവസാഹസികനെ പരിചയപ്പെടുത്തി

തന്നു. പീന്നി ടുള്ള ഒരു വർഷത്തോളം പൗലോയും ഞാനും തമ്മിൽ ഈമെയിൽ വഴി ആശയവിനിമയം നടത്തി. കാടിനെ ക്കുറിച്ചുള്ള അറിവുകളും കഥകളും പരസ്പരം പങ്കുവെച്ചു. ഒടുവിൽ ഞങ്ങൾ തീരുമാനിച്ചു. ഒന്നിച്ചു കാട് കയറണം. അതും സർവൈവൽ ക്യാംമ്പിംഗ് തന്നെ. ഞങ്ങൾ 4 പേർ എന്റെ ബാല്യകാല സുഹൃത്തും എന്റെ പല യാത്രകളിലേയും കൂട്ടാളിയുമായ പ്രശാന്ത് എന്ന തിരുവനന്തപുരം സ്വദേശിയും അയാളുടെ ഭാര്യയും. പിന്നെ ജീവിത യാത്രയിൽ എന്റെ കൈ പിടിച്ച് കൂടെ ഇറങ്ങാൻ ധൈര്യം കാണിച്ച എന്റെ ഭാര്യ അനുപയും.

അങ്ങനെ 2015 നവംബർ 23-ാം തീയതി ദുബായിൽ നിന്ന് നേരേ ബ്രസിലിലെ റിയൊഡിജനീറോനഗരത്തിലേക്ക്. ലാറ്റിൻ അമേരിക്ക യുടെ എല്ലാ സൗന്ദര്യവും പേറുന്ന ആ നഗരത്തിന്റെ പൊൻതുവലായ കോപ്പകബാന ബീച്ചിന്റെ തീരത്ത് 2 ദിവസം. ജീവിതം ഒരു ആഘോഷ മാക്കുന്ന ബ്രസിലിയൻ ജനതയുടെ വർണശബളമായ സംസ്കാര ത്തെയും ജീവിതരീതികളെയും അടുത്തറിഞ്ഞ ദിവസങ്ങൾ. കോപ്പ കബാന തീരത്തുള്ള പഴയ പോർച്ചു ഗീസ് കോട്ടകളുടെ സൗന്ദര്യം. അറ്റലാന്റിക് സമുദ്രത്തിന്റെ വിസ്മയ കരമായ ഭംഗി, തെരുവുകളിൽ കണ്ടുമുട്ടുന്ന കലാകാരൻമാർ അവരുടെ സർഗാത്മക സൃഷ്ടികൾ. റിയോയുടെ ഹൃദയമായ ഫവേല (favela) എന്ന ചേരികളിലെ നിറങ്ങളും ആഘോഷവും, ബ്രസിലിയൻ ഫുട്ബോളിന്റെ ആവേശവും വേദന യുമായ മറക്കാനസ്റ്റേഡിയം. അങ്ങനെ എത്ര കണ്ടാലും തീരാത്ത കാഴ്ചകൾ. പക്ഷെ റിയോ സന്ദർശിക്കുന്ന ആരെയും പോലെ എന്നെ യും ഏറ്റവും ആകർഷിച്ചത്. ആധുനിക ലോകത്തെ 7 അത്ഭുത ങ്ങളിൽ ഒന്നും ക്രിസ്തുമതത്തിന്റെ പ്രശ്സത ബിംബങ്ങളിൽ ഒന്നുമായ Cristo Redentor അഥവാ Christ the Redeemer പ്രതിമതന്നെ. നഗരത്തോട് ചേർന്നുള്ള Tijuca വനത്തിൽ corcovado മലയുടെ മുകളിൽ കൈവിരിച്ചു നിൽക്കുന്ന യേശുവിന്റെ ഈ പ്രതിമക്ക് 125 അടി ഉയരം ഉണ്ട്. റിയോ നഗരത്തിന്റെ കാവലും ഐശ്വരവും ക്രൈസ്റ്റ് ദി റെഡീമർ ആണെന്ന്. ആ നഗരവാസികൾ വിശ്വസിക്കുന്നു. ഭക്ഷണപ്രിയരെയും റിയോ നിരാശരാക്കില്ല. പ്രത്യേ കിച്ച് മാംസ പ്രിയരെ. ഷുവസ്കരിയഹ് (chur ascaria) എന്ന ബ്രസിലിയൻ ഇറച്ചി ബൂഫേ ഒന്ന് അനുഭവിച്ചറി യേണ്ടതന്നെ. നിർത്താതെ വന്നുകൊണ്ടിരിക്കുന്ന ഇറച്ചി വിഭവങ്ങൾ. വറുത്തതും ചുട്ടതും എല്ലാം ഉണ്ട് അതിൽ നമുക്ക് മതിയാകുന്നതു വരെ അവർ വിളമ്പിക്കൊണ്ടിരിക്കും. അതിനോടൊപ്പം ബ്രസിലിന്റെ മദ്യമായ കഷാസ (cachaca) കൂടെ ചേരുമ്പോൾ ഭക്ഷണം തികച്ചും ആസ്വാദ്യകരമാകുന്നു. റിയോയിൽ കണ്ട മറ്റൊരു കാഴ്ച പ്ലാവുകൾ

ആണ്. നിറയെ ചക്കയുമായി കായ്ച്ചുകിടക്കുന്ന പ്ലാവുകൾ ഇതിന്റെ പേരെ ന്താണെന്ന് ഒരു നാട്ടുകാരനോട് ചോദിച്ചപ്പോൾ പറഞ്ഞു. " ജക്ക". അയാൾ ഇത്രകൂടെ കൂട്ടിചേർത്ത് ഇത് ഇന്ത്യയിൽ നിന്ന് പോർച്ചു ഗീസ്കാർ കൊണ്ട് വന്നുനട്ടതാണ്.

മൂന്നാം ദിവസം ഞങ്ങൾ റിയോയിൽ നിന്ന് വിമാനം കയറി. കഴിഞ്ഞ മൂന്നു ദിവസത്തെ സുഖവാസം അല്ല ഞങ്ങളെ കാത്തിരി ക്കുന്നതെന്ന് വ്യക്തമായ ധാരണ ഉണ്ടായിരുന്നു. നാല് മണിക്കൂറത്തെ വിമാന യാത്ര ഞങ്ങളെ കൊണ്ടെത്തിച്ചത് ആമസോണാസ് സംസ്ഥാന ത്തിന്റെ തലസ്ഥാനമായ മനാവൂസ് (Mannaus) എന്ന ചെറിയ പട്ടണത്തിലാണ്. മനാവൂസിൽ എത്തിയത് വെളുപ്പിനെ 2 മണിക്കാണ്. അവിടെ ഒരു ചെറിയ ലോഡ്ജിൽ മുറി പൗലോ വഴി സംഘടി പ്പിച്ചിരുന്നു. അതുകൊണ്ട് ഏതാനും മണിക്കൂർ ഒന്ന് മയങ്ങാൻ സാധിച്ചു. രാവിലെ 7 മണിക്ക് പൗലോ ലോഡ്ജിൽ എത്തി. സമയം പാഴാക്കാതെ യാത്ര തിരിക്കാൻ പൗലോ തിടുക്കം കൂട്ടി. കാരണം അതൊരു നീണ്ട ദിവസം ആയിരിക്കും അത്രേ.

ലോഡ്ജിൽ നിന്ന് റോഡ് മാർഗം ഒരു ഹ്രസ്വയയ്ത്രക്കുശേഷം എത്തിചേർന്നത് **റിയൊ സോളിമോസ്** *(Rio Solimoes)* നദിയുടെ തീരത്താണ്. അവിടെ നിന്ന് ഞങ്ങൾ ഒരു ബോട്ടിൽ യാത്ര തിരിച്ചു. ഈ യാത്രയിൽ ഒരു അത്ഭുതം ഒളിഞ്ഞിരിക്കുന്നുണ്ടായിരുന്നു. ചായ യുടെ നിറമുള്ള റിയോ സോളിമോസ് നദിക്കു കുറുകെ ബോട്ടിൽ യാത്ര ചെയ്യുമ്പോൾ പെട്ടെന്ന് സ്കെയിൽ കൊണ്ടുവരച്ചതുപോലെ വെള്ളത്തിന്റെ നിറം ചായക്കളറിൽ നിന്ന് കടും കറുപ്പിലേക്ക് മാറും. നമ്മൾ ഇപ്പോൾ റിയോ സോളിമോസിൽ അല്ല. പുതിയ ഒരു നദിയിലാണ് **റിയോ നീഗ്രോ.** *(Rio Negro)* പരസ്പരം കലരാതെ ഈ രണ്ടു നദികളും ഒപ്പത്തിനൊപ്പം ഒഴുകുന്ന കാഴ്ച ഞങ്ങൾ അത്ഭുത ത്തോടെ കണ്ടു. സാന്ദ്രതയും താപവും ഒഴുക്കിന്റെ വേഗവും ആണ് ഇതിന്റെ കാരണം. റിയോ നീഗ്രോയിൽ ധാരാളമായി പിങ്ക് നിറ ത്തിലുള്ള ശുദ്ധജല ഡോൾഫിനുകളെ കാണാം. അവ പൊങ്ങിയും ചാടിയും ബോട്ടിനൊപ്പം നീന്തിയും നമ്മളെ ത്രസിപ്പിക്കും.

ഒരു മണിക്കൂറോളം നീണ്ട ഈ ബോട്ടുയാത്ര തീരുന്നത് കരൈരൊ എന്ന ചെറുപട്ടണത്തിലാണ്. ഗ്രാമചന്തയും ചെമ്മൺ പാത കളും ചെറുജോലികളിൽ വ്യാപൃത്രരായ നാട്ടുകാരും എല്ലാം ചേരുന്ന ഒരു typical South American ഗ്രാമം. പച്ചക്കറിക്കടകളിൽ നിറയെ ചക്കയും മാങ്ങയും പയറും വെള്ളരിക്കയും ഉരുളക്കിഴങ്ങും കപ്പയും. കേരളത്തിൽ എവിടെയോ ചെന്ന പ്രതീതി.

അവിടെ ഞങ്ങളെ കാത്തു ഒരു പഴയ പൊട്ടിപ്പൊളിഞ്ഞ വോക്സ്‌വാഗൺ വാനും ഡ്രൈവറും ഉണ്ടായിരുന്നു. പൗലോയുടെ ഏർപ്പാട് ആയിരുന്നു അത്. കുണ്ടും കുഴിയും നിറഞ്ഞ ചെമ്മൺ പാതയിലൂടെ പൊടി പറത്തിയുള്ള യാത്ര. 10 മിനിറ്റ് പിന്നിട്ടപ്പോൾ തന്നെ നടുവിന്റെ ബോൾട്ട് ഇളകിത്തുടങ്ങി. ഞങ്ങളുടെ ദയനീയത ആസ്വാദിച്ചിരിക്കുന്ന പൗലോ പറഞ്ഞു. പേടിക്കേണ്ട ഇനി 5 മണിക്കൂർ കൂടെ യാത്ര ചെയ്താൽ മതി. കേട്ടത് ഞങ്ങളെ ഞെട്ടിച്ചെങ്കിലും യാത്ര വിരസമായിരുന്നില്ല. ചെറിയ ഗ്രാമങ്ങളും കൃഷിയിടങ്ങളും താണ്ടി നാട്ടുവഴികളുടെയുള്ള യാത്ര രസകരം തന്നെയായിരുന്നു.

ഇടക്ക് പല ഇടങ്ങളിൽ നിർത്തി ചില നാട്ടുകാരെ ഒക്കെ ഞങ്ങളുടെ കൂടെ കയറ്റുന്നുണ്ട്. ഇത് പണം വാങ്ങിച്ചുള്ള ഏർപ്പാടല്ല എന്ന് ഞങ്ങൾക്ക് താമസിയാതെ മനസ്സിലായി. യാത്രമാർഗങ്ങൾ നന്നേ കുറവായ ഇവിടെ നാട്ടുകാർ കഴിയുന്ന രീതിയിൽ ഇങ്ങനെ പരസ്പരം സഹായിക്കുന്നു. കൂടെ സഞ്ചരിച്ച നാട്ടുകാരോട് സംസാരിക്കാൻ ഞങ്ങൾക്ക് പോർച്ചുഗീസ് അറിയില്ലായിരുന്നു. പക്ഷെ ഹൃദയം നിറഞ്ഞുള്ള ചിരിയുടെ ഭാഷയിലൂടെ ഞങ്ങൾ സംവാദിച്ചു.

പതിയെ പതിയെ പ്രകൃതിയുടെ രൂപം മാറി തുടങ്ങിയത് ഞങ്ങൾ അറിഞ്ഞു. വരണ്ട ഭൂപ്രകൃതിയുടെ വിരക്തിയിൽ നിന്ന് പച്ചപ്പിന്റെ മനോഹാരിതയിലേക്ക് എത്തി. പിന്നെ എപ്പോഴോ പ്രധാന പാത വിട്ടു ചെറിയ ഇടവഴികളിലൂടെ വാനിന്റെ ചക്രങ്ങൾ ഓടി തുടങ്ങി. പാതയുടെ ഇരുവശത്തും വൻ വൃക്ഷങ്ങൾ... ഇടതൂർന്ന വനം. പെട്ടെന്ന് ഞങ്ങളുടെ മുകളിലൂടെ വലിയ ശബ്ദം ഉണ്ടാക്കിക്കൊണ്ട് ഏതാനും Macaw തത്തകൾ പറന്നുപോയി. കടുംചുവപ്പും നീലയും മഞ്ഞയും നിറങ്ങളുടെ വർണവിസ്മയം. എന്റെ ഹൃദയം ഒന്ന് തുടിച്ചു. ഇതാണോ ആമസോൺ? പൗലോയുടെ മുഖത്തോട്ടു ഞാൻ പ്രതീക്ഷയോടെ നോക്കി അതു മനസ്സിലാക്കീട്ടെന്നോണം ദൂരേയ്ക്ക് ചൂണ്ടി പൗലോ പറഞ്ഞു. No. We are still in the village. Amazon is out there. പിന്നെ എപ്പോഴോ ആ പാത അവസാനിച്ചു. ഒരു കുന്നിന്റെ ചരുവിൽ പൗലോയുടെ നിർദ്ദേശപ്രകാരം ഞങ്ങൾ Haversackകളും മറ്റു സാധനസാമഗ്രികളും തൂക്കി വനത്തിലൂടെ ആ കുന്നിറങ്ങി ഞങ്ങൾ എത്തിയത് വളഞ്ഞു പുളഞ്ഞു ഒഴുകുന്ന ഒരു കാട്ടരുവിയുടെ ഓരത്താണ്. അരുവിയുടെ തീരത്ത് ദൃഢഗാത്രനായ ഒരാൾ ഒരു Canoe വഞ്ചിയുമായി നിൽപ്പുണ്ടായിരുന്നു. കാഴ്ചയിൽ തന്നെ അയാൾ ആമസോൺ ഇന്ത്യൻ ഗോത്രവർഗക്കാരൻ ആണെന്ന് വ്യക്തമായി. ആദൊനൈ എന്നതായിരുന്നു അയാളുടെ പേര്. ഒരു ചെറിയ ട്രോല്ലിംഗ് മോട്ടോർ ഘടിപ്പിച്ച ആ വഞ്ചിയിൽ ഞങ്ങൾ യാത്ര തുടങ്ങി. മുന്നോട്ടു

പോകവെ അരുവിക്ക് വീതിക്കൂടിക്കൂടി വന്നു. അത് ഒരു നദിയുടെ കൈവഴി എന്ന് തോന്നിക്കാവുന്ന ഒരു വലിയ നദിയിലേക്ക് എത്തി. ആ നദിക്കു ഇരുവശത്തും ഒറ്റെക്കൊറ്റക്ക് ചില വീടുകൾ കാണാം. വീടിനോട് അനുബന്ധിച്ച് അവരുടെ വളർത്തു മൃഗങ്ങളും. കാടും വെള്ളവും മനുഷ്യന് ഇടതൂർന്നു ജീവിക്കുന്ന കാഴ്ച. നമ്മുടെ കുട്ടനാട്ടിലെപോലെ ജലപാതകളാണ് ഇവരുടെ ഹൈവേ. വഞ്ചികളും ചെറുബോട്ടുകളും ആണ് ഇവരുടെ കാറും ബൈക്കും. ചില സഞ്ചരിക്കുന്ന കടകളും ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ പൗലോ പറഞ്ഞു. It's time എന്നിട്ട് ഞങ്ങളെ നോക്കി ഒന്ന് ചിരിച്ചു. എന്താണെന്ന് മനസ്സിലാവാതെ പൗലോയെ നോക്കവേ വഞ്ചി ഒരു വളവു തിരഞ്ഞു. പെട്ടെന്ന് മുന്നിൽ ഒരു വിശാലമായ കായൽ. അല്ല. അതൊരു നദി ആണ്. അടുത്തേക്ക് ചെല്ലുംതോറും അതിന്റെ ഭീതി ജനകമായ വിശാലത ഞാൻ അറിഞ്ഞു. രൗദ്രം ഉള്ളിലൊതുക്കി കപടമായ ശാന്തതയോടെ പരന്നൊഴുകുന്ന നദി. അത് ആമസോൺ ആയിരുന്നു. ഭൂമിയിലെ ഏറ്റവും വിസ്താരമുള്ള നദി. അന്നുവരെ ടിവിയിൽ മാത്രം കണ്ടിട്ടുള്ള ആമസോൺ എനിക്ക് ചുറ്റും. അതിനു നടുവിൽ ഓളങ്ങൾക്കൊപ്പം ഉയർന്നു താഴുന്ന ആ ചെറുവഞ്ചിയിൽ ഞങ്ങൾ. ഇരുകരയിലും കൊടുംവനം മാത്രം. കരയിൽ വെയിൽ കാഞ്ഞുകിടക്കുന്ന ആമസോണിന്റെ സ്വന്തം മുതല വർഗമായ ജകാരെ കേയ്മാൻ (Jacare Cayman.) പിന്നെ കൂട്ടംക്കൂട്ടമായി അങ്ങിങ്ങ് ഇരിക്കുന്ന കഴുകൻമാർ. ചിലപ്പോഴൊക്കെ അവർ ചത്ത് കിടക്കുന്ന ഏതോ ജീവികളുടെ ശവത്തിനു വേണ്ടി പരസ്പരം പോരടിക്കുന്നത് കാണാമായിരുന്നു. അപ്പോഴേക്കും വെയിൽ കടുത്ത് തുടങ്ങി. കുടിവെള്ളം റേഷൻ ആയതിനാൽ വെയിലിൽ ഞങ്ങൾ തളർന്നിരുന്നു.അന്ന് വൈകുന്നേരമായപ്പോഴേക്കും ഞങ്ങൾ വളരെ ദൂരം ആമസോണിന്റെ ഉള്ളിൽ എത്തിയിരുന്നു. സമയം 6 മണി കഴിഞ്ഞു അന്തരീഷം മുഴുവൻ പലതരത്തിലുള്ള പ്രാണികൾ കൊണ്ട് നിറഞ്ഞു. പിന്നെ കൂടണയാൻ പറന്നുപോകുന്ന പക്ഷിക്കൂട്ടങ്ങൾ.

ഞങ്ങളുടെ യാത്രയ്ക്കു ഒരു അന്ത്യം ഇല്ലാ എന്ന് തോന്നിക്കവേ ദൂരെ കാട് നിറഞ്ഞ ഒരു ദ്വീപിന്റെ കരയിലായി ഏതാനും കുടിലുകൾ കണ്ടു. ഞങ്ങളുടെ ശ്രദ്ധ അതിലേക്കായി. അപ്പോൾ പൗലോ പറഞ്ഞു Those huts belong to Adonal's tribe. **We will sleep there tonight and start tomorrow** കാനോ അവിടെ അടുപ്പിച്ചു ഞങ്ങൾ കരയിലേക്ക് ഇറങ്ങിയപ്പോൾ ആദൊനൈയുടെ അതേയ് ചുവന്നനിറവും രൂപവും ഉള്ള ഏതാനും പുരുഷൻമാരും സ്ത്രീകളും കുട്ടികളും ഇറങ്ങി വന്നു.

ടുപാന (Tupana) എന്നായിരുന്നു ആ ട്രൈബിന്റെ പേര്. മീൻ പിടിത്തവും വേട്ടയും കൃഷിയും ആയിരുന്നു അവരുടെ പ്രധാന ജീവിത മാർഗം. പൗലോ മറ്റൊന്ന് കൂടെ പറഞ്ഞു. കാടിന്റെ ഈ ഭാഗത്തിന്റെ പേര് ഉർവ എന്നാണ്. ഇവിടെ പുറംലോകത്തിൽ നിന്ന ഒരാൾക്കും സാധാരണ പ്രവേശനം ഇല്ല. ഇത് ടുപാന (Tupana), ആരാര (Araara) എന്നീ സഹോദരഗ്രോതങ്ങളുടെ ഭൂമിയാണ്. ഇവരുടെ അനുവാദം ഇല്ലാതെ ഇവിടെ പ്രവേശിക്കുന്നവർക്ക് മരണം ഉൾപ്പെടെ ഉള്ള കടുത്ത ഭവിഷ്യത്തുകൾ നേരിടേണ്ടിവരും. ആദൊനൈ കൂടെഉള്ളതുകൊണ്ട് മാത്രമാണ് നമുക്ക് ഇവിടെ പ്രവേശി ക്കുവാൻ കഴിയുന്നത്. ആദൊനൈ യുവാവെങ്കിലും ടുപാന ഗ്രോത ത്തിലെ പ്രമുഖനാണ്. ഉർവയിൽ ബ്രസിലിയൻ സർക്കാരിനും അവരു ടെ നിയമങ്ങൾക്കും യാതൊരു പ്രസക്തിയും ഇല്ല. കാടിന്റെയും ഗോത്ര ങ്ങളുടെയും നിയമങ്ങൾ മാത്രമേയുള്ളൂ.

ആ ദ്വീപിൽ ടുപാന കുറെ മാവ് നട്ടിട്ടുണ്ടായിരുന്നു. അതിൽ നിറയെ മാങ്ങയും. പിന്നെ കപ്പ; അതേ നമ്മുടെ കപ്പതന്നെ. അവർ അതിനെ മക്കഷേദ എന്ന് വിളിക്കുന്നു. പക്ഷെ അവർക്ക് അതിനെ ക്കാളും പ്രിയം അതിന്റെ സഹോദരനായ മനിയോക്നെയാണ്. കിഴങ്ങും ഇലയും ചെടിയും എല്ലാം രൂപത്തിൽ കപ്പയുമായി ഒരു വ്യത്യാസവുമില്ല. പക്ഷെ മനിയോക്ന്റെ ഉള്ളു കടുംമഞ്ഞനിറമാണ്. ചെറിയ തോതിൽ വിഷാംശവുമുണ്ട്.അതിനെ ഉണക്കിപൊടിച്ചു അവർ തരി രൂപത്തിലാക്കി സൂക്ഷിക്കും. വെള്ളത്തിൽ കുതിർത്ത് കഴിക്കാനായി. ഇതാണ് അവരുടെ അടിസ്ഥാനഭക്ഷണവും. കേരളത്തിൽ കപ്പയുടെ ഇംഗ്ലിഷ് ആയി Tapioca എന്ന് പറയുമെങ്കിലും യഥാർത്ഥത്തിൽ മക്കഷേദ (നമ്മുടെ കപ്പ) കൊണ്ട് ഉണ്ടാക്കുന്ന ഒരു വിഭവമാണ് Tapioca മക്കഷേദയുടെ ശരിയായ ഇംഗ്ലിഷ് പേര് കസ്സാവ (Cassava) എന്നാണ്. വിശാഖംതിരുനാൾ മഹാരാജാവിന്റെ കാലത്ത് ബ്രസീലിൽ നിന്ന് പറങ്കികൾ വഴി നമുക്ക് ലഭിച്ചതാണ് ഈ കിഴങ്ങിനെ. അപ്പോൾ അങ്ങോട്ട് ചക്ക കൊടുത്തതിനു പകരമാവുമോ നമുക്ക് കപ്പ ലഭിച്ചത്? എന്തായാലും നന്നായി. ഇപ്പോൾ രണ്ടു രാജ്യത്തിനും ചക്കയും കപ്പയുംമായല്ലൊ.

അന്നു രാത്രി പുടാന ആദിവാസികളുടെ കൂടെ ആ ദ്വീപിൽ ഞങ്ങൾ രാത്രി ചെലവഴിച്ചു. മക്കഷേദയും അരുവാന എന്ന മീൻ വേവിച്ചതു മായിരുന്നു ഭക്ഷണം. ആദൊനൈയുടെ ബന്ധുക്കളെ എല്ലാം പരിചയ പ്പെട്ടു. ഇവിടെയാണ് ഇവർ തലമുറതലമുറയായി കഴിയുന്നത്. ബോട്ടി ലൂടെ സഞ്ചരിച്ചു കാരെരോ ഗ്രാമത്തിലോ അപൂർവ്വമായി മനാവൂസ് പട്ടണത്തിലോ എത്തും. കഴിഞ്ഞു,

അത്രെയുള്ളു അവരുടെ ലോകം. ബാക്കി എല്ലാം അവർക്ക് കാടാണ്. ചെറിയ ആഗ്രഹങ്ങൾ മാത്രം ഉള്ള അവർക്ക് വേണ്ടത് എല്ലാം കാട് നൽകുന്നുണ്ട്. സന്തോഷവും. പണ്ട് ഒരുപാട് ഗ്രോതങ്ങൾ തമ്മിൽ ഉള്ള യുദ്ധങ്ങൾക്ക് ഈ പ്രദേശം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇപ്പോഴത്തെ തലമുറയിൽ അത് നന്നേ കുറവാണ് എങ്കിലും യുദ്ധങ്ങൾ ഉണ്ടാവാറുണ്ട്.

വെളുപ്പിനെ എഴുന്നേറ്റു ഞങ്ങൾ അടുത്ത യാത്രയ്ക്ക് തയ്യാറായി. നദിയിലൂടെ 50 കീലോമീറ്റർ ദൂരം ഇന്ന് വൈകുന്നേരം കൊണ്ട് താണ്ടി ആമസോണിന്റെ വളരെ ഉള്ളിലായി ഒരു ഭാഗത്ത് എത്തുകയാണ് ലക്ഷ്യം. മനിയോക് കുതിർത്തത് മാത്രം ഭക്ഷിച്ചു കൊണ്ട് വഞ്ചിയിൽ ഒരു പകൽ മുഴുവൻ വെയിലേറ്റുള്ള യാത്ര കൂടുതൽ കഠിനമായിരുന്നു. വൈകുന്നേരത്തോടെ ഞങ്ങൾ ആമസോൺ നദി യുടെ തീരത്ത് നല്ലൊരു ഇടം കണ്ടുപിടിച്ചു വഞ്ചി അടുപ്പിച്ചു. വെള്ളത്തിന്റെയും കാടിന്റെയും ഇടയിൽ അല്പം കര ഭാഗം ഉള്ള തിനാൽ പാചകം ചെയ്യാനും മറ്റും കൂടുതൽ സൗകര്യം ഉണ്ടായിരുന്നു. അതായിരുന്നു അവിടം തിരഞ്ഞെടുക്കാൻ കാരണം. ആദ്യ കടമ്പ ഇരുട്ടാവുന്നതിനു മുൻപേ കാടിന് ഉള്ളിലേക്ക് കയറി കാട്വെട്ടി തെളിച്ചു രാത്രി കിടക്കാ നുള്ള സൗകര്യം ഉണ്ടാക്കുക എന്നതാണ്. ചില ചെറിയ മരങ്ങളൊക്കെ വെട്ടി തറയിലെ കരിയിലകൾ എല്ലാം വകഞ്ഞുമാറ്റി. ഉറപ്പുള്ള മരച്ചി ല്ലകൾ വെട്ടി കൊണ്ടുവന്നു തറയിൽനിന്ന് അൽപം ഉയരത്തിലായി മരങ്ങളിൽ കാട്ടുവള്ളികൾ കൊണ്ട് വച്ചുകെട്ടി. അങ്ങനെ മരച്ചില്ലകൾകൊണ്ട് തന്നെ ഞങ്ങൾ 6 പേർക്കും കിടക്കാനുള്ള കട്ടിൽ തയ്യാറാക്കി. പണി കഴിഞ്ഞപ്പോഴെക്കും നല്ല വിശപ്പ് ഉണ്ട്. പക്ഷെ പൊതിയിൽ ഉണ്ടായിരുന്ന മനിയോക് പോലും തീർന്നിരുന്നു. സമയം 6.45 കഴിഞ്ഞിട്ടേ ഉള്ളൂ പക്ഷെ നല്ല ഇരുട്ട് ആയി. ഞങ്ങൾ കുന്തവും (spear) വാളുകളും (machete) എടുത്ത് head Lamp കളും തലയിൽ ഘടിപ്പിച്ച് canoe യിൽ തുഴഞ്ഞുപോയി cayman എന്ന മുതലയെ പിടിക്കുകയാണ് ലക്ഷ്യം. കുരിരുട്ടത്ത് ടോർച്ച് ലൈറ്റ് അടിക്കുമ്പോൾ വെള്ളത്തിൽ ചോരക്കട്ട പോലെ തിളങ്ങുന്ന അവയുടെ കണ്ണുകൾ കാണാം. പക്ഷെ അടുത്ത് ചെല്ലുന്നതിനു മുൻപേ അവ മുങ്ങിക്കളയും. പലതിനു നേരെയും കുന്തം എറിഞ്ഞെങ്കിലും ഒരെണ്ണം പോലും കൊണ്ടില്ല. എന്നാൽ വെള്ളത്തിൽ ചാടി ഒരു മുതലക്കുഞ്ഞിനെ എനിക്ക് പിടിക്കാൻ സാധിച്ചു. പക്ഷെ ആ ചെറുതിനെ കൊല്ലാൻ മനസ്സ് വന്നില്ല. കൂടാതെ കുഞ്ഞിനെ പിടിച്ചിട്ടു അധികം നേരം വെള്ളത്തിൽ നിൽക്കുന്നത് അപകടം ആണ്. ദേഷ്യം പിടിച്ച് അമ്മ മുതല എപ്പോൾ വേണെങ്കിലും പാഞ്ഞടുക്കാം. അതിനെ വെള്ള ത്തിലേക്ക് വിട്ടിട്ട് ഞാൻ canoe യിൽ വേഗം തിരിച്ചു കയറി.

മുതല പിടിത്തം ഉപേക്ഷിച്ചു ശ്രദ്ധ മീൻ പിടിത്തത്തിലേക്ക് തിരിഞ്ഞു. കരയോട് അടുത്ത് മരച്ചില്ലകൾ വീണു കിടക്കുന്ന ഭാഗത്തൂടെ ഞങ്ങൾ പതിയെ വഞ്ചി തുഴഞ്ഞു. വലിയ മത്സ്യങ്ങളെ കാണുന്നുണ്ട്. അരവാന (Arwana) അരപൈമ (arapaima) തുടങ്ങിയ വലിയ ഇനം മീൻ വർഗങ്ങളെ ആണ് കൂടുതലായി കണ്ടത്. പക്ഷെ ചെറിയ അനക്കം വരുമ്പോൾ തന്നെ അവ വെട്ടി തിരിഞ്ഞു പാഞ്ഞു പോകും. പക്ഷെ ഒടുവിൽ ഒരു വലിയ അരപൈമ ഞങ്ങളുടെ കുന്തത്തിനു ഇരയായി. 6 പേർക്ക് അവൻ ധാരാളമായിരുന്നു. കിട്ടിയ വലിയ മീനിനെ കരയിൽ എത്തിച്ചു വെട്ടി വൃത്തിയാക്കി വെള്ളത്തിൽ ഇട്ടു പുഴുങ്ങി അന്ന് രാത്രി ഞങ്ങൾ കഴിച്ചു. വിശപ്പ് കാരണം ഗംഭീര രുചിയായി തോന്നി. പുഴയുടെ കരയിൽ നിന്ന് ഭക്ഷണം കഴിച്ച ശേഷം കിടക്കാ നായി തിരിച്ചു കാട്ടിൽ കയറുന്നത് അപകടം പിടിച്ച യാത്രയാണ്. നല്ല ഘനത്തിൽ കിടക്കുന്ന കരിയിലയുടെ ഇടയിൽ bushmaster എന്ന് വിളിപ്പേരുള്ള Lachesis എന്ന ഉഗ്ര വിഷമുള്ള അണലി ധാരാളം ഉണ്ട്. മുന്നോട്ടു വെക്കുന്ന ഓരോ അടിയിലും മരണം ഉണ്ടെന്നു തിരിച്ചറിവ് പേടിപ്പിക്കുന്നതാണ്. പിന്നെ Jaguar എന്ന ദക്ഷിണ അമേരിക്കൻ പുള്ളിപ്പുലി ഉൾപ്പെടെയുള്ള മറ്റു ജന്തുക്കൾ രാത്രിയിൽ കാടിന്റെ ഉള്ളിൽ നിന്ന് പല വിധം ശബ്ദങ്ങൾ കേൾക്കാം. മൃഗങ്ങളുടെ അലർച്ചയും ചെറു പ്രാണികളുടെ മൂളലുകളും, വൻ മരങ്ങളിൽ കാറ്റ് പിടിക്കുന്ന ശബ്ദവും, വലിയ ചില്ലകൾ ഒടിഞ്ഞു വീഴുന്നതും എല്ലാം കൂടി രാത്രിയെ കൂടുതൽ വന്യമാക്കി. രാത്രിയിൽ എപ്പോഴോ ശക്തമായി കരിയില അനങ്ങി. ഞങ്ങളുടെ സമീപത്തു കൂടി ഏതോ വലിയ മൃഗം പോയത് ഇടെയ്ക്കു ഞങ്ങൾ അറിഞ്ഞു. ടോർച്ച് അടിച്ചു നോക്കിയപ്പോഴെക്കും അത് ഇരുട്ടിൽ മറഞ്ഞിരുന്നു.

വെളുപ്പിനെ സമയത്ത് മഴ തുടങ്ങി ഉറക്കത്തിൽ ദേഹത്തു വെള്ളം വീണപ്പോൾ ഞങ്ങൾ എല്ലാവരും ഞെട്ടി ഉണർന്നു. പക്ഷെ കാടാണ്... പിന്നെ survival camping ആണ്. മഴയെ തടുക്കാൻ ഒന്നും ഇല്ല വഴി. നനഞ്ഞു കുതിർന്ന് തണുത്ത് വിറച്ചു ഇരുന്നു. എപ്പോഴോ മഴ ശമിച്ചപ്പോൾ ഞങ്ങൾ വേഷം മാറി തോർത്തി. പിന്നെ ഉറങ്ങാൻ നിവർത്തിയില്ല. നദിക്കരയിൽ എത്തി അല്പം വെള്ളം തിളപ്പിച്ച് കൂടിച്ചപ്പോൾ തണുപ്പൊന്നു മാറി.

വെട്ടം വീഴുന്നതിനുമുൻപേ വഞ്ചിയിൽ ഉണ്ടായിരുന്ന ചൂണ്ടയും എടുത്ത് മീൻ പിടിക്കാൻ ഇറങ്ങി Artifical മീനിനെ കോർത്ത് ദൂരേക്ക് എറിയും എന്നിട്ട് ചുറ്റി കയറ്റും അപ്പോൾ ആ പ്ലാസ്റ്റിക് മീൻ യഥാർത്ഥ മീനിനെ പോലെ വെള്ളത്തിലൂടെ കുതിച്ചുവരും. ഇതിനെ ആക്രമിക്കുന്ന വലിയ മീനിന്റെ വായിൽ പ്ലാസ്റ്റിക് മീനിന്റെ വാലിലുള്ള

ചൂണ്ട കൊരുക്കും. ഇങ്ങനെ മീൻ പിടിക്കുന്നതിനെ spinning എന്നാണ് പറയുക. എന്തായാലും ദിവസം മോശമായില്ല. ഏതാനും മീൻ കിട്ടി. മീനിനെ ഒന്ന് വെട്ടി തീയുടെ മുകളിൽ വെച്ച് ചുട്ടു. രാവിലത്തെ ഭക്ഷണം അങ്ങനെ കഴിച്ചു. അതിനുശേഷം കാൽനടയായി ഉൾക്കാട്ടിലേക്കു യാത്രയായി. പലവിധം പക്ഷികളെയും മൃഗങ്ങളെയും മരങ്ങളെയും എല്ലാം കണ്ടു. മിക്കമരങ്ങളുടെയും എന്തെങ്കിലും ഔഷധ ഗുണത്തെക്കുറിച്ച് ആദൊനൈക്ക് വിവരിക്കാൻ ഉണ്ടായിരുന്നു. പൊതിഞ്ഞെടുത്ത ചുട്ടമീനും പിന്നെ കാട്ടിൽ നിന്ന് പെറുക്കിയ Brasil Nut – ഉം കഴിച്ചു. ബ്രസിൽ നട്ട് കായ കണ്ടാൽ നമ്മുടെ നാട്ടിലെ ബ്ലാങ്കപോലെയിരിക്കും. അതിനുള്ളിൽ 6–7 വലിയ അണ്ടികൾ കാണാം. പക്ഷെ അവയുടെ മുകളിൽ കട്ടിയുള്ള മറ്റൊരു പുറം തോടുണ്ട്. അത് തല്ലിപൊട്ടിച്ചാൽ ചക്കക്കുരുവിനോട് സാമ്യമുള്ള വെളുത്ത ബ്രസിൽ നട്ട് കിട്ടും. രുചികരമായി തോന്നിയ മറ്റൊന്ന് ഒരു പുഴുവാണ്. ബ്രസീൽ നട്ട് കായുടെ ഉള്ളിൽ കാണുന്ന ഒരിനം വെളുത്ത പുഴുവുണ്ട്. പ്രോട്ടിൻ സമ്പുഷ്ടമായ ആ പുഴുവിനെ പച്ചയ്ക്ക് തന്നെ ചവച്ചു തിന്നാം. രുചി മോശമല്ല പെണ്ണുങ്ങൾ ഒന്ന് അറച്ചെങ്കിലും ഒടുവിൽ അവരും പുഴുവിനെ തിന്നു.

അന്ന് വൈകുന്നേരം കാടിറങ്ങി കുളിക്കാൻ പോയി. നദിയുടെ വശങ്ങളിൽ ചെളിയായതിനാൽ canoe യിൽ കയറി നദിയുടെ മധ്യ ഭാഗത്ത് എത്തിയിട്ട് വെള്ളത്തിലേക്ക് ചാടുന്നതാണത്രേ രീതി. പക്ഷെ അവിടെയും അപകടം പതിയിരിപ്പുണ്ട്. ആമസോൺ നദി നിറച്ചു പിരാന (piranha) എന്ന അപകടകാരിയായ മത്സ്യം ആണ്. കൂർത്ത പല്ലുകൾ ഉള്ള പിരാന നിമിഷ നേരംകൊണ്ട് ഏത് ഇരയെയും എല്ല് മാത്രം ബാക്കി ആക്കും. കൂടാതെ ലോകത്തിലെ ഏറ്റവും വലിയ പാമ്പായ ആനകോണ്ട (anaconda) എന്ന constrictor ഇനത്തിന്റെ ആവാസ വ്യവസ്ഥയാണ് ആമസോൺ നദിയും കാടുകളും. ഇരയെ വരിഞ്ഞു മുറുക്കി കൊല്ലുന്നതാണ് അതിന്റെ രീതി. പിന്നെ നീർനായ (otter) മുതൽ capybara വരെ നീളുന്ന ധാരാളം ജന്തുക്കൾ ഈ നദിയിൽ ഉണ്ട്. അതുകൊണ്ട് കഴിയുന്നത്ര വേഗത്തിൽ ഞങ്ങൾ കുളിച്ചു കയറി. അന്നു രാത്രിയും മീനിനെ പിടിക്കാൻ ഇറങ്ങിയിട്ട് സമ്പൂർണ്ണ പരാജയമായി തിരിച്ചു കയറേണ്ടിവന്നു. എന്ത് കഴിക്കും എന്നതായി ചർച്ച.

ഇതിനിടയിൽ അല്പം അകലെ കരിയില അനങ്ങിയ ശബ്ദം കേട്ട പൗലോ അങ്ങോട്ടേക്ക് ടോർച്ച് അടിച്ചു. വെട്ടത്തിൽ രണ്ടു ചോര ക്കണ്ണുകൾ തിളങ്ങി. അത് കണ്ട് ഞങ്ങളുടെ കണ്ണുകളും. കരയിൽ കയറി ഇരിക്കുന്ന ആ മുതലയെ പിടിച്ചേ മതിയാകു. വാളും കുന്തവും വടിയും എല്ലാം ആയി ഞങ്ങൾ പതിയെ ആ മുതലയെ ചുറ്റി. അപകടം

തിരിച്ചറിഞ്ഞു മുതല പ്രതികരിക്കുന്നതിനു തൊട്ടു മുന്നേ അതിന്റെ കഴുത്തിൽ ആഴത്തിൽ വെട്ടി. ചത്ത് എന്ന് ഉറപ്പാക്കിയിട്ടു അതിനെ വലിച്ചു ഇഴച്ചു നദിയോരത്ത് കൊണ്ടുവന്ന് അതിന്റെ വാൽ വെട്ടി എടുത്തു. മുതലയുടെ ഇറച്ചിയുടെ കാതലായഭാഗം അതിന്റെ വാലിൽ ആണ്. ബാക്കി ഒന്നും ഉപയോഗിക്കാറില്ല. അത് കരയിൽ തന്നെ ഉപേക്ഷിച്ചു; രാവിലെ കഴുകൻമാർക്ക് തിന്നാനായി. വാലിനെ മൊത്തമായി തീയിൽ ഇട്ടുചുട്ടെടുത്തശേഷം അതിന്റെ scales പൊളിച്ചുകളഞ്ഞു. ഓരോരുത്തർ ആവശ്യമുള്ള ഇറച്ചി വാലിൽ നിന്ന് വലിച്ചുപറിച്ചു എടുത്ത് കൈയ്യിലുണ്ടായിരുന്ന ഉപ്പും കൂട്ടികഴിച്ചു.മുൻപ് kenya യിൽ വെച്ച് മുതലയുടെ ഇറച്ചി തിന്നിട്ടുണ്ട്. പക്ഷെ അതുമായി ഇതിനു നല്ല വ്യത്യാസം ഉണ്ടായിരുന്നു. ഈ മുതല ഇറച്ചിക്ക് കോഴി ഇറച്ചിയുടെ രുചിയുമായി നല്ല സാമ്യം തോന്നി.

അടുത്ത ദിവസം അവിടെ നിന്ന് ഞങ്ങൾ പിന്നെയും യാത്ര തിരിച്ച് കാടിന്റെ മറ്റൊരു ഭാഗത്തേക്ക് എത്തിച്ചേർന്നു. ഇത്തവണ ഞങ്ങൾ കൂടുതൽ ഉൾക്കാട്ടിൽ ക്യാമ്പ് ചെയ്യാൻ തീരുമാനിച്ചു. സാധന ങ്ങളും ചുമന്നു പകുതി ദിവസത്തെ നടപ്പിനു ഒടുവിൽ ഒരു സ്ഥലം കണ്ടുപിടിച്ചു. കൊടുംകാടും നോക്കാത്താദൂരത്തോളം ആകാശ ത്തേക്ക് വളർന്ന് നിൽക്കുന്ന വലിയമരങ്ങളും. പകൽ പിടിച്ച ഏതാനും മീനുകൾ ഉണ്ടായിരുന്നതിനെ ചുട്ടുതിന്നു. പിന്നെ കാട്ടിൽ നിന്ന് പെറുക്കിയ പഴങ്ങളും ബ്രസിൽ നട്ടസ് - ഉം കൊണ്ട് വിശപ്പടക്കി. വെള്ളം കുടിക്കാൻ ആശ്രയം ഈറ്റ പോലെ തോന്നിക്കുന്ന ഒരു പുൽചെടി ആയിരുന്നു. അതിന്റെ തണ്ട് നിറയെ വെള്ളം ഉണ്ടായിരുന്നു. അതു മുറിച്ചു ചെത്തി വെള്ളം വലിച്ചു കുടിച്ചു. ആദൊനൈയുടെയും പൗലോയുടെയും ഇത്തരം അറിവുകൾ ആയിരുന്നു ഞങ്ങളുടെ രക്ഷ.

അടുത്ത ദിവസം വീണ്ടും സഞ്ചരിച്ചു പുതിയ ഒരു തീരത്ത് താവളം ഉറപ്പിച്ചു. ആ പ്രദേശത്ത് പിരാന മത്സ്യം ധാരാളമായി ഉണ്ടത്രേ. അതിനെ പിടിക്കുകയാണ് പുതിയ ലക്ഷ്യം. അതിനായി നേരത്തെ പിടിച്ച മീനിന്റെ കഷ്ണം ചൂണ്ടയിൽ കോർത്തു വെള്ളത്തിൽ ഇട്ടു. പിന്നെ ഇല്ലിക്കമ്പ് കൊണ്ട് വെള്ളത്തിൽ ശക്തിയായി അടിക്കും. പിരാനയെ ആകർഷിക്കാൻ ആണിത്. ഒന്നുരണ്ടു മണിക്കൂറത്തെ പരിശ്രമത്തിൽ 10-11 പിരാനമത്സ്യത്തെ പിടിക്കാൻ സാധിച്ചു. വലിയ രുചി ഒന്നും തോന്നിയില്ലെങ്കിലും വിശപ്പ് മാറ്റാൻ അതു മതി യായിരുന്നു. അന്ന് രാത്രി ഭക്ഷണം കഴിഞ്ഞു എല്ലാവരും കാടി നുള്ളിലേക്ക് കയറിയിട്ടും ഞാൻ മാത്രം കയറിയില്ല. കാടിനുള്ളിലെ ചൂടും ഊഷ്മാവും സഹിക്കാൻ വയ്യായിരുന്നു. നദിയുടെ കരയിൽ സുഖമുള്ള തണുത്ത കാറ്റ് വീശുന്നുണ്ടായിരുന്നു. ഞാൻ അല്പം

നേരംഅവിടെ കിടന്നു മാനത്തേ കോടാനുക്കോടി നക്ഷത്രങ്ങളെയും നോക്കി. ആ വല്ലാത്ത ശാന്തത എനിക്ക് നന്നായി സുഖിച്ചു. പെട്ടെന്ന് എന്റെ പിന്നിൽ എവിടെയോ കരിയില അനങ്ങിയ ഒച്ചകേട്ട് ഞാൻ ഞെട്ടിപിടഞ്ഞു എഴുന്നേറ്റു. പിന്നിലോട്ടുള്ള കാടിന്റെ ഭാഗത്തേക്ക് മുഴുവൻ ലൈറ്റ് അടിച്ചു നോക്കി. ഏയ് ഒന്നുമില്ല; തോന്നിയ തായിരിക്കുമോ? പക്ഷെ വെറുതെ ടോർച്ച് വെട്ടം മുന്നോട്ട് അടിച്ച പ്പോൾ ഞാൻ ഞെട്ടി. 4 മുതലകൾ എന്റെ കാലിന്റെ വളരെ അടുത്തെ ത്തി ഇരയെ അളക്കുകയാണ് അവർ. എന്നിട്ട് അനുയോ ജ്യമായ നിമിഷം നോക്കി കരയിലേക്ക് പാഞ്ഞുകയറി ഇരയെ കടിച്ചുവലിച്ചിഴച്ചു വെള്ളത്തിലേക്കു കൊണ്ടുപോകും. ആ സൗഭാഗ്യം അനുഭവിക്കാൻ താല്പര്യമില്ലാത്തതിനാൽ ഞാൻ ജീവനുംകൊണ്ട് ഓടി കാടിനുള്ളിൽ കയറി.

അടുത്തദിവസം ഞങ്ങൾ അവിടെ നിന്ന് തിരിച്ചു ഉച്ചയോടെ ആദൊനൈയുടെ കുടിലുകൾ സ്ഥിതിചെയ്യുന്ന ഉർവപ്രദേശത്ത് മടങ്ങി യെത്തി. ശേഷിച്ച ദിവസം ചൂണ്ട ഇടൽ ആയിരുന്നു പ്രധാന പരിപാടി. ടുകുനരെ (Tucunare) അഥവാ Bass വർഗ്ഗത്തിൽപ്പെട്ട വലിയ മീനുക ളെയാണ് പിടിക്കാൻ സാധിച്ചത്. ഇവിടെ വച്ച് ഞാൻ ടുപാന സമൂഹത്തിന്റെ അനിഷ്ടത്തിനും പാത്രമായി. ഞാൻ പിടിച്ചതിൽ ഒരു മീനിന് അല്പം കൂടുതൽ വലിപ്പമുണ്ടായിരുന്നു. ഞാൻ സന്തോഷ ത്തോടെ അതിനെ പിടിച്ചു കരയിൽ ഇട്ടു. പക്ഷെ ടുപാനയിലെ മുതിർന്നവർക്ക് അത് ഒട്ടും ഇഷ്ടമായില്ല. അവരുടെ രീതിയനുശരിച്ച് വലിയ മീനിനെ കിട്ടിയാൽ അതിനെ തിരിച്ചുവിടും അത്രേ. കാരണം അതിനു പ്രജനനം നടത്തി കൂടുതൽ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ കഴിയും. അവർ ജുവനൈൽ മത്സ്യങ്ങളെ മാത്രമേ ഭക്ഷണത്തിന് ഉപയോഗിക്കൂ. സാധാരണ ലോകമെമ്പാടും ചൂണ്ട ഇടലിന്റെ നിയമം തിരിച്ചാണ്. വലുതിനെയാണ് ട്രോഫിയായി എടുക്കുക. എന്തായാലും കാടിന്റെ നിയമം മറിച്ചായിരുന്നു. ഒടുവിൽ എന്റെ വിവരമില്ലായ്മയെ കുറിച്ച് ആദൊനൈക്ക് അവരെ ബോധ്യപ്പെടുത്തേണ്ടിവന്നു. അതോടെ അവരുടെ ദേഷ്യം അടങ്ങി എന്ന് തോന്നുന്നു. ടുപാന ഗ്രോതത്തിന്റെ കൈയ്യിൽ ഒരു തോക്ക് ഉണ്ടായിരുന്നു. ഒരു നാടൻ നിർമിത 12 ബോർ ഗൺ. അതുമായി വൈകുന്നേരം കാട്ട് താറാവിനെ വെടി വെക്കാൻ ഞങ്ങൾ പോയി. അവിടെയും ഉണ്ട് കാടിന്റെ നിയമങ്ങൾ. ഇണയുമായി പോകുന്നതിനെ അവർ വെടിവെക്കില്ല ഒറ്റക്കോ ഒരു കൂട്ടമായോ പോകുന്നതിൽ നിന്ന് മാത്രം.

അവരുടെ നിയമങ്ങൾ നമുക്ക് വിചിത്രങ്ങൾ ആയിരിക്കാം. എന്നാൽ ഈ മനുഷ്യർക്ക് പ്രകൃതി എന്നാൽ അവനവൻ തന്നെയാണ് എന്ന് ഞാൻ തിരിച്ചറിഞ്ഞു. ഓരോ മീനും പക്ഷിയും മൃഗവും അവരുടെ സമൂഹത്തിന്റെ ഭാഗമാണ്. അതിനെ വേദനിപ്പിച്ചാൽ അവർക്കും വേദനിക്കും. അവർ പ്രതികരിക്കുക തന്നെ ചെയ്യും. സന്ധി ഇല്ലാത്ത ഈ നിലപാടുകളിൽ ആണ് ലോകത്തെ ഏറ്റവും വലിയ മഴക്കാടു കൾ ആയ ആമസോണിന്റെ നിലനിൽപ്പ്. തലമുറകളായി ടുപാനയും ആരാരയും മറ്റനേകം ഗോത്രങ്ങളും ഈ ആവാസ വ്യവസ്ഥയുടെ സംരക്ഷകരായി നിലകൊള്ളുന്നു. പുറംലോകം അവരുടെ മനസ്സു കളിൽ ആർത്തിയുടെ വിത്തുകൾ കുത്തിവെച്ച് കളങ്കപ്പെടുത്തുംവരെ എങ്കിലും ഈ കാടുകൾ സുരക്ഷിതമായിരിക്കും.

അടുത്ത ദിവസം ഞങ്ങൾ മനാവൂസിലേക്ക് തിരിച്ചു. യാത്ര തുടങ്ങിയ അരുവിയുടെ കരവരെ ആദൊനൈ ഞങ്ങളെ എത്തിച്ചു. യാത്ര പറഞ്ഞു ആദൊനൈ കാട്ടിലേക്ക് മടങ്ങി. അന്ന് രാത്രി ഒരു അവസാന വട്ടംകൂടിചേരൽ; സുരക്ഷിതമായി തിരിച്ചെത്തിയതിന്റെ ആഘോഷം. പൗലോയുടെ ഗേൾഫ്രണ്ട് ബ്രാങ്കയും ഞങ്ങളോടൊപ്പം ചേർന്നു. പോർട്ടുഗീസ് സംഗീതം ആസ്വാദിച്ചു തെരുവോരത്തെ അനേകം മദ്യശാലകളിൽ ഒന്നിൽ ഞങ്ങളുംകൂടി. അവരോടൊപ്പംപാടി, നൃത്തംചെയ്തു. രാവേറെ ആയി. അവിടെ വിളക്കുകൾ അണയാറില്ല. ആഘോഷങ്ങളും. പക്ഷെ ഞങ്ങൾക്ക് പോയെ മതിയാകൂ. പിരിയുമ്പോൾ പൗലോയുടെ മുഖത്ത് ഇനി കാണുമോ? എന്ന ചോദ്യമുണ്ടായിരുന്നില്ല. പറഞ്ഞത് ഇത്രമാത്രം. Come Back during Rains. Jungle is a different animal then. Paulo..You know we will

പൗലോ ചിരിച്ചു.?

അതാണ് സത്യം. ആമസോണിനെ ഒരിക്കൽ പ്രണയിച്ചാൽ പിരിയാൻ കഴിയില്ല. ഞങ്ങൾക്കും. ഒരു മഴയത്ത് ഞങ്ങൾ വീണ്ടും പോകും.

**********

മോടയിൽ കുടുംബ ചരിത്രത്തിന്റെ കോപ്പികൾ ആവശ്യമുള്ളവർ പേര് വിവരങ്ങൾ സെക്രട്ടറിയെ അറിയിച്ചാൽ, എത്ര പുതിയ കോപ്പികൾ ആവശ്യമുണ്ട് എന്ന് കണക്കാക്കിയശേഷം വില നിശ്ചയിച്ചറിയിക്കുന്നതും ഫൈനൽ ഓർഡർ സ്വീകരിക്കുന്നതുമാണ്.

## നവദമ്പതികൾ



***Ashok***

(S/o Koshy M. Koshy Kunju,
Modayil Gilbhavan) &

***Simi***

മോടയിൽ കുടുംബയോഗത്തിലേയ്ക്കുള്ള വരിസംഖ്യയും (വാർഷീക വരി സംഖ്യ 1000 രൂപ) സംഭാവനകളും കുടുംബയോഗത്തിന്റെ താഴെപ്പറയുന്ന അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

Federal Bank Nedungadappally IFSC Code FDRL 0001265
A/c No. 12650100015559

തണൽ സഹായനിധിയിലേക്കുള്ള സംഭാവനകൾ
Federal Bank Nedungadappally IFSC Code FDRL 0001265
A/c No. 12650100060696 ലേക്ക് അയയ്ക്കാവുന്നതാണ്.

## ചരമങ്ങൾ



മോടയിൽ കോയിപ്രം **ഡോ. ഫിലിപ്പ് ജോർജ്** (91) ബെംഗളൂരുവിൽ നിര്യാതനായി. **ഭാര്യ:** വടശ്ശേരിക്കര മുളവേലിൽ പള്ളിക്കൽ മോളി. **മക്കൾ:** സാബു, ഷേബ. **മരുമക്കൾ:** സൂസ്സൻ, ഗോപാൽ



മോടയിൽ കോയിപ്രം വെട്ടിക്കാവുങ്കൽ പരേതനായ വറുഗീസ് ഫിലിപ്പിന്റെ മകൾ **കുഞ്ഞമ്മ** (93) നിര്യാതയായി. പരേതനായ പോൾ ജയരാജിന്റെ ഭാര്യയാണ്. മക്കൾ: ബെന്നറ്റ്, പരേതയായ. റാണി. മരുമക്കൾ: റോഡ, ജോയ്. സഹോദരൻ: പരേതനായ ജോർജ് ഫിലിപ്പ്.

*In fond remembrance of*



**M. George John** (Thankachen)

**1948 - 2011**

---

*Inserted by Modayil Mavungal family*

**Visit :** www.modayilkudumbayogam.com

**contact us:** info@modayilkudumbayogam.com

Graphic Systems & Co. Ph: 8606212534